(സി) സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർക്ക് റീറ്റെയ്നർ ഫീസായി പ്രതിമാസം 1500 രൂപയും സുപ്രീംകോടതിയിൽ സർക്കാരിനു വേണ്ടി കേസ് ഫയൽ ചെയ്യുന്നതിനുള്ള പ്രാരംഭ ചെലവായി സിവിൽ കേസുകൾക്ക് 750 രൂപയും ക്രിമിനൽ കേസുകൾക്ക് 500 രൂപയും നൽകുന്നുണ്ട്. കൂടാതെ അഭിഭാഷകർ അയച്ചുതരുന്ന ബില്ലുകൾ കെ.ജി.എൽ.ഒ. റൂൾ പ്രകാരം പരിശോധന നടത്തി ഫീസ് നൽകാറുണ്ട്.

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്പീൽ ഹയലാക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഓരോ സാമ്പത്തിക വർഷവും സുപ്രീം കോടതിയിൽ ഹാജരായ അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക ചുവടെ ചേർക്കുന്നു.

2001-2002	7,45,556	രൂപ
2002-2003	28,60,988	രൂപ
2003-2004	46,21,413	രൂപ
2004-2005 (ഇതുവരെ)	33,62,472	"
ആകെ	1,15,90,429	രൂപ

റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ട്

40 [2929] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ടിനായി ഓരോ വർഷവും എത്ര തുക വകകൊള്ളിക്കാറുണ്ട്; 2001 മേയ് മാസം മുതലുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗത്തിലേക്ക് മാറ്റേതെങ്കിലും വിധത്തിൽ തുക ലഭിക്കാറുണ്ടോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക വീതം ഏതൊക്കെയിനങ്ങളിലായി ടി ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഫണ്ടിനായുള്ള തുക സംസ്ഥാന ബഡ്ജറ്റ് പ്രൊവിഷനല്ല. ബോർഡിന്റെ ബഡ്ജറ്റിൽ 2001-2002-ൽ 22.65 ലക്ഷം രൂപയും 2002-2003-ൽ 53 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹഡ്കോയിൽ നിന്നും ഗ്രാന്റായി ഈ വിഭാഗത്തിന് തുക ലഭിക്കാറുണ്ട്.

(സി) 2001 ജൂൺ മാസത്തിൽ നിലവിലുള്ള ബോർഡ് ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം : 19,72,688 രൂപ.

വിവിധ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം : 6,28,175 രൂപ

ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് ജീവനക്കാർ

41 [2930] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് ദിവസകൂലിയിനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നു എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അംഗീകൃത റെഗുലേഷന്റെ അഭാവത്തിൽ ഹൗസിംഗ് ബോർഡിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതികളിൽ കരാർ/ദിവസക്കൂലി വ്യവസ്ഥയിൽ താഴെ വിശദീകരിച്ചിരിക്കുന്നവിധം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

വയർമാൻ	..	1
ഡ്രൈവർ	..	9
വാച്ചർ	..	12
സ്വീപ്പർ	..	43
ടൈപ്പിസ്റ്റ്	..	2

LIBRARY ARCHIVES Kerala Legislative Assembly